# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 3284

14-10-2011-ൽ മറുപടിക്ക്

## മീറ്റർ വാടക ഒഴിവാക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത് ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി ബില്ലിൽ നിന്നും മീറ്റർ വാടക ഒഴിവാക്കുന്നതിന് തീരുമാനിച്ചിരുന്നുവോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | മീറ്റർ വാടക ഒഴിവാക്കിക്കൊകാണ്ടുള്ള ഉത്തരവുകളൊന്നും സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) മീറ്റർ വാടക ഉൾപ്പെടുത്തിയ ബില്ലാണ് ഇപ്പോഴും ഉപഭോക്താക്കൾക്ക് നൽക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ; | (ബി) | ഉണ്ട്. ഇലക്ട്രിസിറ്റി നിയമം, 2003 വകുപ്പ് 45 (3) (ബി) പ്രകാരം മീറ്റർ വാടക ഈടാക്കാൻ വിതരണ ലൈസൻസികൾക്ക് അനുവാദം നല്കിയിട്ടുണ്ട്. സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുള്ള നിരക്കിലാണ് മീറ്റർ വാടക വൈദ്യുതി ബോർഡ് ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്നത്. |
| (സി) ഉപഭോക്താക്കളിൽ നിന്നും സ്ഥിരമായി മീറ്റർ വാടക വസൂലാക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുള്ള നിരക്കിലാണ് മീറ്റർ വാടക വൈദ്യുതി ബോർഡ് ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്നത്. ഉപഭോക്താക്കളുടെ സംസ്ഥാപനത്തിൽ വൈദ്യുതി ബോർഡ് സ്ഥാപിച്ചിട്ടുള്ള വൈദ്യുതി മീറ്ററുകൾക്കാണ് മീറ്റർ വാടക ഈടാക്കുന്നത്. ചില നിബന്ധനകൾക്ക് വിധേയമായി ഉപഭോക്താവിന് സ്വന്തം ചെലവിൽ മീറ്റർ വാങ്ങി സ്ഥാപിക്കാവുന്നതാണ്. ഇപ്രകാരം സ്ഥാപിച്ചിട്ടുള്ള മീറ്ററുകൾക്ക് മീറ്റർ വാടക ഈടാക്കാറില്ല. ഉപഭോക്താവിന്റെ സംസ്ഥാപനത്തിൽ വൈദ്യുതി |

ബോർഡ് സ്ഥാപിച്ചിട്ടുള്ള മീറ്റർ നിലനില്ക്കുന്നിടത്തോളം കാലം മീറ്റർ വാടക ഈടാക്കാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആയതിനാൽ ഉപഭോക്താക്കളിൽ നിന്നും മീറ്റർ വാടക വസൂലാക്കുന്നത് ഒഴിവാക്കാൻ നിലവിലുള്ള ചട്ടങ്ങൾ അനുവദിക്കുന്നില്ല.

സെക്ഷൻ ഓഫീസർ